# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ധർമ്മടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.7/755/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.7/755/22 തീയ്യതി: 15/06/2022

## കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-05-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-05-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.ഷൈമകുമാരി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രമോദ് കെ.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബേബി സരോജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പ്രസാദ്.വി.വി | സെക്രട്ടറി | 01-04-2019 | 08-08-2019 |
| ശ്രീ.പി.കെ പ്രേമൻ | സെക്രട്ടറി | 09-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സനില.വി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.മുരളി കോപ്പന്റവിട | മെഡിക്കൽ ഓഫീസർ-പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.ശ്യാമള ഉത്തമൻ | വെറ്റിനറി സർജൻ | 01-04-2019 | 10-10-2019 |
| ഡോ.ശ്രീനിഷ്.എസ്.എസ് | വെറ്റിനറി സർജൻ | 11-10-2019 | 31-03-2020 |
| ശ്രീ.സുരേഷ്.എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഉല്ലാസൻ.സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രേമൻ.വി | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി.സോഫിയ.വി.പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 15-08-2019 |
| ശ്രീ.ബി.സരസൻ | അസിസ്റ്റന്റ് സെക്രട്ടറി | 16-08-2019 | 31-03-2020 |
| ഡോ.അമർനാഥ് പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ഹരീഷ് കൃഷ്ണൻ പി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീജ സി.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-08-2019 |
| ശ്രീമതി സുജയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-09-2019 | 05-12-2019 |
| ശ്രീമതി ഷീബ സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-12-2019 | 31-03-2020 |
| ശ്രീ.വിനോദൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 04-11-2019 |
| ശ്രീമതി സരിത കെ.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 05-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 22-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-1 |
| 2 | വാർഷികകണക്കുകൾ<br>Written By: Shyma Kumari S.L (Audit Officer, On 22-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)<br>Written By: Shyma Kumari S.L (Audit Officer, On 22-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-8 |
| 10 | ഗ്രാമസഭ<br>Written By: Shyma Kumari S.L (Audit Officer, On 22-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 22-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-10 |
| 12 | തൊഴിൽ നികുതി -അപാകങ്ങൾ.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-11 |
| 13 | എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീ - അപാകങ്ങൾ .<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-12 |
| 14 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിലെ -അപാകങ്ങൾ.<br>Written By: Pramod K (Auditor, On 29-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-13 |
| 15 | കറവ പശുവിന് കാലിത്തീറ്റ വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല ₹3,25,185 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-14 |
| 16 | കന്നു കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-15 |
| 17 | വീട് വാസയോഗ്യമാക്കൽ(ജനറൽ) -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | |
| 18 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-17 |
| 19 | ഉൽസവ വാഴകൃഷി ഓരോ വീട്ടിലും -രേഖകളുടെ അഭാവത്തിൽ ₹ 18400 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-18 |
| 20 | കര നെൽ കൃഷി വ്യാപനം. -രേഖകളുടെ അഭാവത്തിൽ ₹10066 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-19 |
| 21 | നെൽ കൃഷി വികസനം-രേഖകളുടെ അഭാവത്തിൽ ₹255000 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-20 |
| 22 | കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-21 |
| 23 | പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കൽ- രേഖകളുടെ അഭാവത്തിൽ ₹4250 തടസ്സപ്പെടുത്തുന്നു..<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-22 |
| 24 | കേരള ഐടി മിഷന് അധികം അനുവദിച്ച തുക 728 രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-23 |
| 25 | കരാർ ചമയ്ക്കാൻ വൈകിയതിനാൽ പിഴ ഈടാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-24 |
| 26 | കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തി-പിഴ ഈടാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-25 |
| 27 | ടെണ്ടർ ഫീസ് ഇനത്തിലെ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-26 |
| 28 | ഒഴിഞ്ഞ ടാർ ബാരലി ന്റെ വിലയുടെ 18% ജി എസ്.ടി തുക ഈടാക്കിയത് ഒടുക്കു വരുത്തിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-27 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകളുടെ ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 26-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് വിവരം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 24-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ് വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 24-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 14-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 24-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 24-05-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 24-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 25-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ എണ്ണം<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധർമ്മടം പഞ്ചായത്തിന്റെ 2019-2020സാമ്പത്തിക വർഷത്തെ ബജറ്റ് 23/2/2019 ലെ ധനകാര്യസ്ററാൻഡിംഗ് കമ്മിറ്റിയുടെ 18/2019 നമ്പർ തീരുമാനപ്രകാരം ഭരണസമിതിയിലേയ്ക്ക് ധനകാര്യസ്ററാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.ആയത് 27/2/2019 ലെ ബജറ്റ് സമ്മേളനയോഗത്തിൽ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 28/3/2020ലെ യോഗത്തിൽ അജണ്ടയിൽ ഉൾപ്പെടുത്തി, തീരുമാനം നമ്പർ 119/20 പ്രകാരം 2019-2020ലെ പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെകൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 2573918 | 33779558 |
| വരവ് | 132418980 | 183079521 |
| ആകെ വരവ് | 134992898 | 216859079 |
| ചെലവ് | 129286945 | 203645559 |
| നീക്കിയിരിപ്പ് | 5705953 | 13213520 |

എന്നാൽ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രിന്റ് ചെയ്ത ബജറ്റ് സ്റ്റേറ്റ്മെന്റിൽ അതിൽ നിന്നും വ്യത്യസ്തമായ കണക്കുകളാണ് കാണുന്നത്. ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്യതോ ഭരണസമിതി അംഗീകരിക്കുകയോ ചെയ്ത ബജറ്റല്ല, പ്രിന്റ് ചെയ്ത ബജറ്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബജറ്റ് തയ്യാറാക്കുന്നതും അംഗീകരിച്ച് പ്രിന്റ് ചെയ്ത് സൂക്ഷിക്കുന്നതുമായ വിഷയങ്ങൾ അവധാനതയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

## 1-2 വാർഷികകണക്കുകൾ

വാർഷിക ധനകാര്യപത്രിക2019-20

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2020 | 11.06.2020 | തിരിച്ചയച്ചിട്ടില്ല |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക 10/6/2020-ലെ തീരുമാനം നമ്പർ 177/20 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) എൻ.ആർ.ഇ.ജി.എ ഇനത്തിലുള്ള നീക്കിയിരിപ്പ് ബി-4 ഷെഡ്യൂൾ പ്രകാരം 231262 രൂപയും ബി-17,ആർ.പി 40(ബി) എന്നിവ പ്രകാരം 231263.93 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2)ബി-11 ഷെഡ്യൂൾ പ്രകാരം ഭൂമിയുടെ മൂല്യം 193651 രൂപയും കെട്ടിടത്തിന്റെ മൂല്യം 818252 രൂപയുമാണ് കാണിച്ചിരിക്കുന്നത്. ഭൂമിയുടെയും കെട്ടിടത്തിന്റെയും യഥാർത്ഥ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

3)ബി-9 ഷെഡ്യൂളിൽ Govt.and Other Dues Payable - Refund Of Unutilised Grants Of Prior Period (350300109) എന്ന ഹെഡിൽ ചേർത്തിരിക്കുന്ന 165101 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് തിരിച്ചടവാക്കേണ്ടതാണ്.

4)2018-2019 വർഷത്തെ ബി-11 പ്രകാരമുള്ള ആസ്തികളോട് 2019-20 ലെ ആർ.പി 38 പ്രകാരമുള്ള തുക കൂട്ടിയാൽ കിട്ടുന്ന തുകയല്ല 2019-20-ലെ ബി-11 ലെ ആസ്തികളുടെ മൂല്യമായി കാണിച്ചിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഹെഡ് കോഡ് | 2018-19ബി-11 പ്രകാരം | ആർ.പി 38 | 2019-20ബി-11 പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം | |
| 410300102(റോഡ്-ടാർഡ്) | 28941035 | 203655 | 32861237 |
| 410300399(അദർ കൺസ്ട്രക്ഷൻസ്) | 4390612 | 488254 | 5348518 |
| 410600104(ഇലക്ട്രിസിറ്റി-സ്ട്രീറ്റ് ലൈറ്റ്സ്) | 823235 | 60897 | 885375 |
| 410710104(മൂവബിൾ അസറ്റ്സ്-ഫർണിച്ചർ ,ഫിക്സ്ച്ചേർസ് മുതലായവ) | 3200847 | 58453 | 3558718 |
| 410800101(അദർ ഫിക്സഡ് അസറ്റ്സ്) | 69894 | 49999 | 127489 |

5) ദുരിതാശ്വാസനിധിയിനത്തിലുള്ള മുന്നിരിപ്പ് ₹60678-യും വരവ് ₹1644-യും (RP29) രൂപയുമാണ്. 2019-20 വർഷത്തെ വാർഷിക കണക്കിൽ ദുരിതാശ്വാസ നിധിയിനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് 62322 രൂപയാക്കേണ്ടതായിരുന്നു. എന്നാൽ നീക്കിയിരിപ്പായി ബി.2 ഷെഡ്യൂളിൽ ₹8322-യാണ് രേഖപ്പെടുത്തിയത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6)2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ഇ, എഫ്, എന്നിവ പ്രകാരം വാർഷിക കണക്കിൽ അക്കൗണ്ടുകൾക്കുള്ള കുറിപ്പ്, അടിസ്ഥാന അനുപാതങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7)2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം പ്രസ്തുത ചട്ടങ്ങൾ ബാധകമാകുന്ന ആദ്യ വർഷത്തിൽ ഒഴികെ എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകളില്ല

8)2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്ന മുഴുവൻ തുകകളും പൂർണ രൂപത്തിലായിരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

9) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി.14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല

10)ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കുന്ന തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തിയിട്ടില്ല.

11)320300199 എന്ന ഹെഡിൽ ആർ.പി.31 പ്രകാരമുള്ള വരവ് 257293 രൂപയാണ്. മുന്നിരിപ്പുൾപ്പെടെ (22570) ഈയിനത്തിൽ 279863 രൂപ വരവുണ്ട്. എന്നാൽ ആർ.പി.31 പ്രകാരം ഇതേ ഹെഡിൽ 257293 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം നീക്കിയിരിപ്പ് വേണ്ടത് 22570 രൂപയാണ്. എന്നാൽ ബി.4 ഷെഡ്യൂളിൽ 70 രൂപ മാത്രമേ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളൂ.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 22018081.53 |
| വരവ് തുക | 57334431 |
| ആകെ | 79352512.53 |
| ചെലവ് തുക | 53772680 |
| നീക്കിയിരിപ്പ് | 25579832.53 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 867901 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 12360000 | 12360000 | 10750831 | 1609169 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 1588000 | 1588000 | 778214 | 809786 |
| മെയിന്റനൻസ് റോഡ് | | 0 | 2465000 | 2465000 | 1180000 | 1285000 |
| മെയിന്റനൻസ് നോൺ റോഡ് | | 0 | 4047000 | 4047000 | 2276132 | 1770868 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9447329 | 9447329 | 3891732 | 5555597 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവ് | 2543 | 641422 | 643965 | 412703<br>1566(തിരിച്ചടവ്) | 231262 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12256336 | 12256336 | 12256336 | 0 |
| അംഗൻവാടി പോഷകാഹാരം | | 1114602 | 646332 | 1760934 | 1747353 | 13581 |
| കുടിവെള്ളം | | 11355809 | 6520072 | 17875881 | 9217833 | 8658048 |
| ശുചിത്വ മിഷൻ ഫണ്ട് | | 1955000 | 1955000 | 1955000 | - | 1955000 |
| എം.പി ഫണ്ട് | | 7494 | 10008 | 17502 | - | 17502 |
| സംസ്ഥാന സർക്കാർ വിഹിതം | | | | | | |
| സാക്ഷരത | | 0 | 198 | 198 | 0 | 198 |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 185 | 84403368 | 124 | 37636569 | 3 | 121 | 61 | 65 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 8 | 2871763 | 1670896 | 58 |
| 2 | വെറ്ററിനറി സർജന് | 7 | 7 | 2879709 | 1143630 | 39.72 |
| 3 | മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 5 | 5 | 1160000 | 992808 | 85.59 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 3 | 3 | 250000 | 242990 | 97 |
| 5 | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 2 | 2 | 260000 | 150000 | 57.69 |
| 6 | വി.ഇ.ഒ ധർമ്മടം | 6 | 6 | 11101298 | | |
| 7 | വി.ഇ.ഒ,പാലയാട് | 5 | 4 | 1506919 | 586137 | 38.90 |
| 8 | ഐ സി ഡിഎസ് സൂപ്പർവൈസർ | 8 | 5 | 4685858 | 4094947 | 87.39 |
| 9 | അസി സെക്രട്ടറി | 5 | 3 | 599400 | 313110 | 52.24 |
| 10 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 320000 | 0 | 0 |
| 11 | ഹെഡ് മാസ്റ്റർ | 11 | 11 | 1882154 | 1604287 | 85.24 |
| 12 | സെക്രട്ടറി | 25 | 21 | 8240228 | 3195752 | 39.75 |
| 13 | അസിഎഞ്ചിനീയർ | 95 | 49 | 48646039 | 20677012 | 42.51 |
| | ആകെ | 185 | 124 | 84403368 | 37636569 | 45 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12256336 | 12256336 | 12256336 | 0 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 2543 | 641422 | 643965 | 412703 | 231262 |
| ആകെ | 2543 | 12897758 | 12900301 | 12669039 | 231262 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 790200 | 462 |
| തൊഴിൽ രഹിതവേതനം | 58560 | ഇല്ല |
| വിധവാപെൻഷൻ | 6721200 | 3413 |
| വാർദ്ധക്യകാല പെൻഷൻ | 16520200 | 8684 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 1890700 | 980 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 2338200 | 1206 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2019-20, 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/5/22 തീയ്യതിയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തുക അക്കത്തിൽ : ₹ 5350

തുക അക്ഷരത്തിൽ: അയ്യായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം.

## 1-9 ഗ്രാമസഭ

ധർമ്മടം ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകളുണ്ട്.

ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ തൻവർഷത്തിൽ ഓരോ വാർഡിലും ജൂലൈ 2019, ഒക്ടോബർ 2019, ജനുവരി 2020 എന്നീ തീയതികളിൽ മൂന്ന് ഗ്രാമ സഭ ചേർന്നിട്ടുണ്ട്. വർഷത്തിൽ മൂന്നു ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നം | വാർഡിലെ ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം | ഗ്രാമ സഭ ചേർന്ന തീയതി | | | പങ്കെടുത്ത വാർഡ് അംഗങ്ങളുടെ എണ്ണം യഥാക്രമം | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 4 | 1159 | 116 | 7/7/19 | 27/10/19 | 28/1/20 | 119 | 118 | 118 | ഗ്രാമ സഭയിൽ ലഭിക്കുന്ന പരാതികൾ ആർക്കാണ് ഫോർവേഡ് ചെയ്യുന്നത് എന്ന് മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. ഗ്രാമ സഭയിൽ പദ്ധതി ആസൂത്രണം സംബന്ധിച്ച് പുതുതായി നിർദേശങ്ങൾ ഉണ്ടാകുന്നുണ്ട് |
| 6 | 1326 | 132 | 1/7/19 | 2/11/19 | 29/1/20 | 144 | 140 | 136 | |
| 10 | 1202 | 120 | 7/7/19 | 3/11/19 | 29/1/2020 | 135 | 120 | 130 | |
| 14 | 1168 | 116 | 7/7/19 | 2/11/19 | 30/1/20 | 118 | 121 | 121 | |
| 16 | 1214 | 121 | 7/7/19 | 27/10/2019 | 30/1/20 | 124 | 126 | 123 | |

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പ്രതിമാസം ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ്

പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു.രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രിന്റ് ചെയ്ത് സൂക്ഷിച്ചതിൽ പാളിച്ച ഉണ്ടായിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് , ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.അസറ്റ് രജിസ്ററർ കാലികമാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

ധർമ്മടം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുംഅവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നതായി കാണുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി -അപാകങ്ങൾ.

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ ഏതാനും തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര്/ഉദ്യോഗ പേര്. | അടിസ്ഥാന ശമ്പളം. ₹ | ഡി.എ ₹ | മറ്റ് അലവൻസുകൾ ₹ | ആകെ അർദ്ധ വാർഷിക വരുമാനം. ₹ | തൊഴിൽ നികുതി സ്ലാബ് പ്രകാരം ഒടുക്കേണ്ട നികുതി ₹ | ഒടുക്കിയ തുക ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|---|
| മേലൂർ ജൂനിയർ ബേ സിക് സ്കൂൾ | ജൂലി പ്രകാശ്. പി.എസ്./എൽ. പി.എസ്.എ | 71195 | - | 1210 | 72405 | 600 | 450 | 150 |
| " | ഗ്രീഷ്മ. വി.സി./എൽ. പി.എസ്.എ | 71195 | - | 1210 | 72405 | 600 | 450 | 150 |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുമ്പോൾ മുകളിൽ പരാമർശിച്ച വിധമുള്ള തുക കുറവ് വരുവാനുണ്ടായതിന് കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/2019-20-തീയ്യതി-19.5.2022)നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുമ്പോൾ കുറവ് വന്ന തുകയായ 300രൂപ 20.5.2022-ലെ 1220100681 എന്ന രസീത് നമ്പറിൽ ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താത്തതുകൊണ്ടാണ് ഇത്തരം അപാകങ്ങൾ സംഭവിക്കുന്നത്. 2019-20 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള മുഴുവൻ തൊഴിൽ നികുതി

റിട്ടേണുകളും സൂക്ഷ്മ പരിശോധന നടത്തി തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകേണ്ട തുകയിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീ - അപാകങ്ങൾ .

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധർമ്മടം ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഈടാക്കി തുടങ്ങിയത് 21.2.2018 ലെ ഭരണസമിതി തീരുമാനം നമ്പർ 31/93/18 പ്രകാരമാണ്. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം ഉത്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്.

എന്നാൽ 2019-20-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകർ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല .കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ഏത് മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിടനമ്പർ | അപേക്ഷകന്റെ പേര്/അപേക്ഷ തീയ്യതി. | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/തീയ്യതി* |
|---|---|---|---|---|---|
| 2 | 7/133 | മൂശാരിക്കണ്ടി സാജൻ / 4.2.2019. | അനാദികച്ചവടം | രേഖപ്പെടുത്തിയിട്ടില്ല. | 300 118040104846/ 4.2.2019 |
| 3 | 7/144 | കെ.പുരുഷോത്തമൻ / 8.2.2019. | തയ്യൽ കട | " | 300 118040104860/ 5.2.2019 |
| 4 | 7/145 | നിജു.കെ / 5.2.2019. | മൊബൈൽ ഫോൺ റിപ്പയറിംഗ്,അനുബന്ധ സാധനങ്ങളുടെ വിൽപ്പനയും. | " | 300 118040104861/ 5.2.2019. |
| 8 | 10/265 | വിജയൻ.പി.എ/ 7.2.2019. | എൽ.ഐ.സി മിനി ഓഫീസ്. | " | 300 118040104906/ 7.2.2019. |
| 9 | 14/481 | ധനലക്ഷ്മി കോട്ടായി./ 12.2.2019. | തയ്യൽ കട | " | 100 118040104957/ 12.2.2019. |
| 12 | 17/246 | പി.എം നളിനാക്ഷൻ / 20.2.2019. | സർക്കാർ അംഗീകരിച്ച പ്ലാസ്റ്റിക് സാധനങ്ങളുടെ വിൽപ്പന | " | 300 118040105053/ 20.2.2019. |
| 16 | 16/284 | കെ.രത്നാകരൻ/ | ബേക്കറി സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന | " | 300 |

| | | | | | |
|---|---|---|---|---|---|
| | | 22.2.2019. | നടത്തുന്നതിന് | | 118040105086/ 22.2.2019. |
| 25 | 17/238 | ടി.മനോജ് കുമാർ/ 25.2.2019. | സ്റ്റേഷനറി കട | " | 300 118040105124/ 25.2.2019. |
| 26 | 13/471 | പി.എം.ചന്ദ്രൻ/ 25.2.2019. | അനാദി, സ്റ്റേഷനറി കട. | " | 300 118040105135/ 25.2.2019. |
| 28 | 18/189 | എം.ഭാസ്കരൻ/ 25.2.2019. | സ്റ്റേഷനറി കട | " | 300 118040105138/ 25.2.2019. |
| 55 | 17/332 | രാജേഷ്.ടി.വി./ 28.2.2019 | സ്റ്റേഷനറി,ശീതള പാനീയം | " | 300 118040105245/ 28.2.2019. |
| 57 | 4/556 | കെ.വി.കൃഷ്ണൻ/ 28.2.2019. | വെളിച്ചെണ്ണ, കാലിത്തീറ്റ വിൽപ്പന. | " | 300 118040105248/ 28.2.2019. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2019-20 തീയ്യതി-17.5.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച മുഴുവൻ അപേക്ഷകളിലും ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉത്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-13 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിലെ -അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജിഒ(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്ത് 21.2.2018-ലെ ഭരണസമിതി തീരുമാനം നമ്പർ 31/93/18 പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ സംരംഭങ്ങൾക്കും, മിനി സംരംഭങ്ങൾക്കും സേവന വിഭാഗത്തിന് താഴെ പറയും വിധത്തിൽ ലൈസൻസ് ഫീ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഇനം | ലൈസൻസ് ഫീ |
|---|---|
| മൈക്രോ സംരംഭങ്ങൾ 1 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത് | ₹ 100 |
| മൈക്രോ സംരംഭങ്ങൾ 1 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ മൂലധന ക്ഷേപം ഉള്ളത് | ₹ 300 |
| മൈക്രോ സംരംഭങ്ങൾ 5ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത് | ₹ 500 |
| മിനി സംരംഭങ്ങൾ 10ലക്ഷത്തിന് മുകളിൽ 20ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത് | ₹ 600 |
| മിനി സംരംഭങ്ങൾ 20ലക്ഷത്തിന് മുകളിൽ 35 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത് | ₹ 800 |

| | |
|---|---|
| മിനി സംരംഭങ്ങൾ 35ലക്ഷത്തിന് മുകളിൽ 50 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത് | ₹ 1000 |

എന്നാൽ 2019-20-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ട്. ആയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

| എഫ്.ടി.ഇ.&ഒ. എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | അപേക്ഷ കന്റെ പേര്/ അപേക്ഷ തീയ്യതി. | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/ തീയ്യതി* | ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 19 | 17/198 | ദിലീപ് കുമാർ.സി.പി / 22.2.2019. | സ്റ്റുഡിയോ, ഡി. ടി.പി, ഫോട്ടോ സ്റ്റാറ്റ്, ലാമിനേഷൻ പ്രിന്റിംഗ്, ഇന്റർ നെറ്റ് സർവ്വീസ് നടത്താൻ | 1000000 (മൈക്രോ സംരംഭം) | 500 | 300 118040105100/ 22.2.2019 | 200 |
| 155 | 11/47 | അസ്സുട്ടി.ടി.പി/ 18.3.2019. | എല്ലാ വിധ പെയിന്റുകളും, ഹാർഡ്വെയർ സാധനങ്ങളും വിൽപ്പന നടത്തുന്നതിന്. | 1500000 (മിനി സംരംഭം) | 600 | 300 118040105671/ 18.3.2019 | 300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/2019-20 തീയ്യതി-17.5.2022)നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക യഥാക്രമം 24.5.2022-ലെ രസീത് നം.1220100738- പ്രകാരം 200രൂപയും, രസീത് നമ്പർ1220100741 പ്രകാരം 300 രൂപയും ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. 2019-20-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുമ്പോൾ തുക കുറവ് വന്നിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 കറവ പശുവിന് കാലിത്തീറ്റ വിതരണം - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല ₹3,25,185 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 68/20,കറവ പശുവിന് കാലിത്തീറ്റ വിതരണം |
| അടങ്കൽ | ₹4,16,470(വികസന ഫണ്ട്,ജനറൽ) |
| | ₹1,030 (തനത് ഫണ്ട്) |
| | ₹5,17,500(ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| ആകെ അടങ്കൽ | ₹935000 |
| ചെലവ് | ₹153720<br>19220352013200784609/06-11-2019 |
| | ₹84180<br>19220352013200949590/16-12-2019 |
| | ₹87285<br>19220352013201036150/04-01-2020 |
| ആകെ ചെലവ് | ₹3,25,185 |

ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി ക്ഷീരോല്പാദനംവർദ്ധിപ്പിക്കുക എന്നതാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘത്തെയാണ് കാലിത്തീറ്റ വിതരണം നടത്തുന്നതിനായി തെരഞ്ഞെടുത്തത്. അത് പ്രകാരം മുകളിൽ കൊടുത്ത തുക തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ 34571210721 നമ്പർ അക്കൗണ്ടിലേക്കാണ് നല്കിയത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1.തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

2.കേരള ഫീഡ്സ് എന്ന സ്ഥാപനം ഹാജരാക്കിയ ₹6,75,930 രൂപയുടെ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയ ഫയലിലുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ /തീയതി | തുക |
|---|---|
| KFLP1-19-20-023629/09-09-2019 | 168750 |
| KFLP1-19-20-028040/16-10-2019 | 112500 |
| KFLP1-19-20-029834/29-10-2019 | 56250 |
| KFLP1-19-20-039010/30-12-2019 | 175050 |
| KFLP1-19-20-042700/22-01-2020 | 116700 |
| KFLP1-19-20—043143/24-01-2020 | 46680 |
| ആകെ | 675930 |

പ്രൊജക്ട് പ്രകാരമുള്ള യഥാർത്ഥ ചെലവ് ₹3,25,185 ആണെന്നിരിക്കെ ₹6,75,930 ന്റെ ഇൻവോയ്സ് ഹാജരാക്കിയത് വ്യക്തമല്ല

അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ /രജിസ്റ്ററുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.05/16-05-2022 ) ലഭ്യമാക്കിയ മറുപടിയിൽ 2019 നവംബർ മുതൽ 20 ജനുവരി വരെ 248325 രൂപയുടെ കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കിയതായാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കാലിത്തീറ്റ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിൽ വ്യക്തതയില്ലാത്തതിനാൽ ചെലവ് തുക ₹3,25,185 രൂപ തടസ്സപ്പെടുത്തുന്നു. ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-15 കന്നു കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 67/20,കന്നു കുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹1,56,250(വികസന ഫണ്ട്,ജനറൽ) |
| | ₹1,56,250 (സംസ്ഥാനാവിഷ്കൃതം) |
| | ₹3,12,500(മറ്റുള്ളവ) |

| | |
|---|---|
| ആകെ അടങ്കൽ | ₹6,25000 |
| ചെലവ് | ₹1,56,250<br>19220352013200935094/11-12-2019 |

കന്നുകുട്ടി പരിപാലന പദ്ധതി ( 67/20 ) എന്ന പ്രോജക്ട് പ്രകാരം മുകളിൽ കൊടുത്ത തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 71901140000003 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് . എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് എൻക്വയറിക്ക് (നം.06/16-05-2022) മറുപടി തന്നിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് തുക വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ(ജനറൽ) -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ധർമ്മടം |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 176/20, വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ | ₹670000 (വികസന ഫണ്ട്,ജനറൽ) |
| | ₹30000(തനത് ഫണ്ട്) |
| | ₹700000 |
| ചെലവ് | ₹3,50000(വികസന ഫണ്ട്,ജനറൽ) |

മുകളിൽ കൊടുത്ത ചെലവ് തുകയിൽ ബിൽ നമ്പർ 19220352008100933583/11-12-2019 പ്രകാരം പിൻവലിച്ച ₹50000 സനോജ് കുമാർ വി.എം. എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടിയാന്റെ പേരിലുള്ള 1/100 നമ്പർ വീടിന്റെ പുനരുദ്ധാരണ പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് 02/ 12/2019 ന് വി.ഇ.ഒ മുമ്പാകെ കരാർ വെച്ചിരുന്നു. കരാറിന്റെ അടിസ്ഥാനത്തിൽ മുൻകൂറായാണ് തുക അനുവദിച്ചത്. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം , അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്വേഷൻ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23-05-2022) നൽകിയ മറുപടിയിൽ 2022 മാർച്ച് 15 വരെ വീടിന്റെ മുഴുവൻ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ അനുവദിച്ച 50000 രൂപയും അതിന്റെ പലിശയും റവന്യൂ റിക്കവറി വഴി തിരിച്ച് പിടിക്കാൻ പഞ്ചായത്ത് ഭരണ സമിതിക്ക് രേഖാമൂലം അപേക്ഷിക്കുകയും ഭരണസമിതിയുടെ 26-03-2022 തീയതിയിലെ 113/2022 നമ്പർ പ്രകാരം അനുവദിച്ച തുകയും പലിശയും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21900395/29-07-2019 | 126000 |
| 21900396/29-07-2019 | 129000 |
| ആകെ | 255000 |

മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/24-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 255000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഉൽസവ വാഴകൃഷി ഓരോ വീട്ടിലും -രേഖകളുടെ അഭാവത്തിൽ ₹ 18400 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 2/20 |
| പ്രൊജക്ടിന്റെ പേര് | ഉൽസവ വാഴകൃഷി ഓരോ വീട്ടിലും. |
| അടങ്കൽ | ₹438400 (വികസന ഫണ്ട്) |
| ചെലവ് | ₹438400 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | (1)2/19-20/12.7.2019/₹420000.<br>(2)13/19-20/5.2.2020/₹18400. |

അണ്ടലൂർ കാവ് ഉത്സവത്തിന് ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ വീടുകളിലും വിഷരഹിത വാഴയില, വാഴപ്പഴം എന്നിവയുടെ സ്വയം പര്യാപ്തത നേടുവാൻ ലഭ്യമാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമ നമ്പർ 2-ൽ നിന്ന് ചെലവഴിച്ച 18400രൂപ, 18-പേരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചത് ഏതാവശ്യത്തിന് വേണ്ടിയാണ്, തുക അനുവദിച്ചവരുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള മുഴുവൻ രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഔഡിറ്റ് അന്വേഷണത്തിന് (നം.28/2019-20 തീയ്യതി-23.5.2022) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ 18400 രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 കര നെൽ കൃഷി വ്യാപനം. -രേഖകളുടെ അഭാവത്തിൽ ₹10066 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 4/20 |
| പ്രൊജക്ടിന്റെ പേര് | കര നെൽ കൃഷി വ്യാപനം. |
| അടങ്കൽ | ₹35261<br>₹26446(വികസന ഫണ്ട്)<br>₹8815(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹26446 (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 8/19-20/17.1.2020/₹16380.<br>12/19-20/6.2.2020/₹10066. |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ നിന്ന് ചെലവഴിച്ച 10066 രൂപ ചുവടെ കൊടുത്തിരിക്കുന്ന 5പേരുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട് പ്രസ്തുത വ്യക്തികളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള അപേക്ഷ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക. |
|---|---|---|---|
| 1 | പത്മിനി.കെ | 42272210016034 | 2394 |
| 2. | ചാലാടൻ സരോജിനി. | 42272200118224 | 3780 |
| 3 | പത്മജ.പി | 42272210011840 | 2677 |
| 4 | രാജൻ.പി | 42272610000446 | 900 |
| 5 | വി.ലീല | 42272250011770 | 315 |
| | | ആകെ | 10066 |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 5പേർക്കും തുക അനുവദിച്ചിട്ടുള്ളത് ഏതാവശ്യത്തിന് വേണ്ടിയാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/2019-20- തീയ്യതി-23.5.2022) മറുപടി ലഭ്യമാക്കാത്തതിനാൽ 10066 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 നെൽ കൃഷി വികസനം-രേഖകളുടെ അഭാവത്തിൽ ₹255000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 7/20 |
| പ്രൊജക്ടിന്റെ പേര് | നെൽ കൃഷി വികസനം. |
| അടങ്കൽ | ₹305400.<br>₹177900(വികസന ഫണ്ട്)<br>₹127500(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹177900 (വികസന ഫണ്ട്)<br>₹127500(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ്<br>ബിൽ നം/വൗച്ചർ നം/തീയ്യതി/തുക | (1)4/19-20/24.9.2019/₹50400.<br>(2)9/19-20/22.1.2020/₹127500.<br>(3)21900780 /10.11.2019/₹127500. |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിലെ ക്രമ നമ്പർ 2,3-ൽ ഉൾപ്പെട്ട 255000രൂപ ചെലവഴിച്ചതിന്റെ വിശദ വിവരം ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള അപേക്ഷകൾ സഹിതം ഹാജരാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.26/2019-20 തീയ്യതി-23.5.2022)മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 255000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 127/20 |
| പ്രൊജക്റ്റിന്റെ പേര് | കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ(സ്പിൽ ഓവർ) |
| അടങ്കൽ | ₹22582(മെയിന്റനൻസ് ഫണ്ട്റോഡിതരം) |
| ചെലവ് | ₹22000 (മെയിന്റനൻസ് ഫണ്ട്റോഡിതരം) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 3/19-20/12.7.2019/₹22000. |

മേൽ പദ്ധതിയുടെ തയ്യാറെടുപ്പിന് മുന്നോടിയായി ആവശ്യകതാ നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി വിഭാവന ചെയ്തതിൽ നിന്ന് വ്യതിചലിച്ച് പ്രസ്തുത പദ്ധതിയുടെ ഭാഗമായി 22.3.2019-ലെ Invoice No.BC/5073 പ്രകാരം 22000 രൂപ ചെലവഴിച്ച് Ahuja Powerd Speaker, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിച്ചതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2019-20 തീയ്യതി.21.5.2022) നൽകിയ മറുപടിയിൽ പ്രസ്തുത സാധനം സ്റ്റോക്കിലെടുത്ത വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ദീർഘ വീക്ഷണമില്ലാതെ പദ്ധതി തയ്യാറാക്കി പദ്ധതി വിഭാവന ചെയ്തതിൽ നിന്ന് വ്യതിചലിച്ച് പദ്ധതിയുടെ നിർവ്വഹണം നടത്തികൊണ്ടുള്ള പാഴ് ചെലവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കൽ- രേഖകളുടെ അഭാവത്തിൽ ₹4250 തടസ്സപ്പെടുത്തുന്നു..

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്റ്റ് നം. | 114/20 |
| പ്രൊജക്റ്റിന്റെ പേര് | പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കല്(സ്പിൽ ഓവർ) |

| | |
|---|---|
| | |
| അടങ്കൽ | ₹155250<br>₹4250(വികസന ഫണ്ട്)<br>₹151000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹4250 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 1/19-20/31.5.2019/₹4250. |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന 5 പേരുടെ അക്കൗണ്ടിലേക്ക് 4250 രൂപ അനുവദിച്ചിട്ടുള്ളത് ഏതാവശ്യത്തിന് വേണ്ടിയാണ്.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | കുഞ്ഞിക്കണ്ണൻ | 0817101070641 | 680 |
| 2 | ഷൈലജ.കെ. | 42272200081265 | 323 |
| 3 | പി.ലീല. | 42272250020452 | 527 |
| 4 | രാജൻ | 42272200137623 | 1530 |
| 5. | ശശിധരൻ.എൻ. | 42272200137623 | 1190 |
| | | ആകെ | 4250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.15/2019-20 തീയ്യതി-21.5.2022) നൽകിയ മറുപടിയിൽ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ചെലവ് സംബന്ധിച്ച മറ്റ് രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 4250 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 കേരള ഐടി മിഷന് അധികം അനുവദിച്ച തുക 728 രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി (ധർമ്മടം ഗ്രാമ പഞ്ചായത്ത്) |
| പ്രോജക്ട് നം/പേര് | 45/20<br>പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ |
| അടങ്കൽ തുക | ₹165400 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 300736639 25/10/2019<br>₹86632 |

കെൽട്രോൺ ലഭ്യമാക്കിയ ITP/08592/19-20 തീയതി 23/12/2019 ഹൈ സ്പീഡ് സ്കാനർ ഇൻവോയിസ് പ്രകാരം ആകെ 85906 രൂപയാണ് നികുതി ഉൾപ്പെടെ വില കാണിച്ചിരിക്കുന്നത്. ആയതിനാൽ കേരള ഐടി മിഷന് ഈയിനത്തിൽ അധികം അനുവദിച്ച തുക 728 രൂപ (86632-85906) തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (12/19.05.2022) മറുപടിയായി തുക തിരിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 കരാർ ചമയ്ക്കാൻ വൈകിയതിനാൽ പിഴ ഈടാക്കേണ്ടതാണ്

ജി.ഒ.(പി) 13/2012/PWD പ്രകാരം പുറപ്പെടുവിച്ച കേരള പൊതു മരാമത്ത് മാന്വൽ അനുസരിച്ച് സെലക്ഷൻ നോട്ടിസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം PAC തുകയുടെ 1% തുക പിഴയായി ഈടാക്കി 10 ദിവസം വരെ കരാർ വെക്കാവുന്നതാണ്. ഇങ്ങനെ 14 ദിവസവും 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ  കരാർ ഒപ്പിടാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി കാണുന്നില്ല. പിഴ ഈടാക്കാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 180/21 |
| പേര് | അംബേദ്കർ കോളനി മുതലക്കൽ റോഡ് റീടാറിംഗ് |
| എസ്ററിമേറ്റ് തുക | 700000 |
| കരാർ നമ്പർ | AED/LSGD/10/20-21 തീയതി 17/6/20 |
| കരാറുകാരന്റെ പേര് | രവീന്ദ്രൻ.പി |
| സെലക്ഷൻ നോട്ടീസ് | നമ്പർ ഇല്ല തീയതി 6/4/2020 |
| ബിൽ നമ്പർ,തീയതി,തുക | 4201235370 1 2/3/2021; 212230 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ,ധർമടം ഗ്രാമ പഞ്ചായത്ത് |

മേൽ പ്രവൃത്തിയുടെ കരാർ ഉടമ്പടി 20/4/2020 നകം തയ്യാറാക്കേണ്ടതായിരുന്നു. ആയത് 6/4/2020ലെ സെലക്ഷൻ നോട്ടീസ് പ്രകാരം കരാറുകാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ കരാർ ചമച്ചത് 17/6/20നാണ്. സമയം ദീർഘിപ്പിച്ചു നല്കുവാൻ കരാറുകാരൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മേൽ, ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല.ഈ സാഹചര്യത്തിൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴയായി ഈടാക്കേണ്ടതാണ്.

## 1-25 കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തി-പിഴ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | എ.ഇ. (ധർമ്മടം ഗ്രാമ പഞ്ചായത്ത്) |
| പ്രോജക്ട് നം/പേര് | SO 172/20<br>ഈത്താമണിറോഡ് ബാക്കിഭാഗം റീടാറിംഗ് |
| എസ്ററിമേറ്റ് തുക | ₹250000 |
| ബിൽ നമ്പർ,തീയതി | 4200058594 11/4/2020 |
| ചെലവ് തുക | ₹231000 |
| കരാറുകാന്റെ പേര് | വിവേക്.എ.കെ |
| എം ബുക്ക് നമ്പർ | AE/D/16/18-19 |
| കരാർ നമ്പർ | AE/LSGD/DHM/16/18-19 തീയതി 16/11/2018 |

ആറുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാനായി 16/11/2018 ന് കരാർ ചമച്ച പ്രസ്തുത പ്രവൃത്തി 16/5/2019 നകം പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 8 മാസത്തോളം വൈകി 19/2/2020 ന് മാത്രമാണ്. മേൽ കാലതാമസത്തിനു കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്കു (നം. 4 തീയതി 13.05.2022) മറുപടിയായി കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി പുരോഗമിക്കുന്നതിനാൽ 2017-18, 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തികളുടെ പിഴ ഒഴിവാക്കികൊണ്ട് കാലാവധി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ടുള്ള 27/3/2019 ലെ ഭരണസമിതി തീരുമാനം 6/137/19 ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ കരാറുകാരൻ അപേക്ഷ

നൽകുകയോ സപ്ലി.എഗ്രിമെന്റ് ചമച്ച് ഭരണസമിതിയുടെ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയത് സംബന്ധിച്ച പിഴ ഈടാക്കാത്തതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 1-26 ടെണ്ടർ ഫീസ് ഇനത്തിലെ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ ടെണ്ടർ വഴി നടപ്പാക്കിയ മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയതിന് അസി.എഞ്ചിനീയരുടെയുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. 2019-20, വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാവേണ്ട തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനംപർ | മാസം | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2019 സപ്തംബർ | 14916 |
| 2 | " ഒക്ടോബർ | 10170 |
| 3 | " മാർച്ച് | 1547 |
| | ആകെ തുക | 26633 |

തുക 26633/- രൂപ എത്രയും പെട്ടെന്ന് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഒഴിഞ്ഞ ടാർ ബാരലി ന്റെ വിലയുടെ 18% ജി എസ്.ടി തുക ഈടാക്കിയത് ഒടുക്ക വരുത്തിയിട്ടില്ല

2019-20 വർഷത്തെ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഒഴിഞ്ഞ ടാർ ബാരലിന്റെ വിലയായി 238 രൂപയ്ക്ക പകരം 280രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. ആയത് 18% ജി എസ്.ടി തുക ഉൾപ്പെടെയുള്ള തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈടാക്കിയ മുഴുവൻ തുകയും ഒന്നിച്ച് സെക്രട്ടറിയുടെ (Treasury Account 722031400000003) അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിലും തുക ഇനം തിരിച്ച് ഈടാക്കാത്തതിനാൽ ജിഎസ്.ടി ഇനത്തിൽ ഈടാക്കിയ തുക ജിഎസ്.ടി അക്കൗണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. 2019-20 സാമ്പത്തിക വർഷം മുതൽ ആകെ 15 പ്രവൃത്തികളിലായി ഒഴിഞ്ഞ ടാർബാരലിന്റെ 18% തുക യായ ആകെ 11777 രൂപ ജി എസ് ടി ഇനത്തിൽ ഒടുക്കവരുത്താനുണ്ട് . തുക ഒടുക്കി, ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് കൂടി പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം എന്നും വ്യവസ്ഥയുണ്ട്. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്ക് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.(ഖണ്ഡിക നം.11.4 (1)) പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തിയുടെ മിക്ക ഫയലിലും നിശ്ചിത മാതൃകയിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടില്ല. ഇതിന്റെ അഭാവത്തിൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട രീതിയിൽ പൂർത്തീകരിച്ചുവെന്നും അത് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്നും തീർച്ചയാക്കുവാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നിർവഹിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17-05-22, 18-05-22 | കെ.എസ്.എ/കെ.എൻ.ആർ/സി.7/755/2022 തീയതി: 15.06.2022 |

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 2019-2020 | 127500 | നെൽകൃഷി വികസനം | 127500 | 0 |
| ,, | 2019-2020 | 169405 | ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 169405 | 0 |
| ,, | 2019-2020 | 300000 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ആകെ തുക | | 596905 | | 596905 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-2020 | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| “ | 2019-2020 | 2145763 | പൊതു ശ്മശാനം | 2145763 | ० |
| “ | 2019-20 | 341793 | സ്വാമിക്കുന്ന് ഹൈഡ്രോസ് കിണർ നിർമാണം | 341793 | ० |
| “ | 2019-20 | 716000 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 716000 | ० |
| ആകെ തുക | | 3303556 | | 3303556 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് വിവരം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻവർഷം എടുത്തത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | ജി.ഒ (എം.എസ്) 68/18 തസ്വഭവ തീ.18.05.2018 | 0 | 1020185 | 226995 | 793190 |

## 4-6 സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 6670 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുക ഒടുക്കിയതിന്റെ ഒറിജിനൽ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 57334431 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 53772680 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 867901 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-14 | 325185 | ഡോ.ശ്രീനിഷ്.എസ്. എസ്,<br>വെറ്റിനറി സർജൻ |
| 1-17 | 255000 | ശ്രീ.പി.കെ.പ്രേമൻ<br>സെക്രട്ടറി,<br>ധർമടം ഗ്രാമപഞ്ചായത്ത് |
| 1-18 | 18400 | ശ്രീ.സുരേഷ്.എം,<br>കൃഷി ഓഫീസർ |
| 1-19 | 10066 | ശ്രീ.സുരേഷ്.എം,<br>കൃഷി ഓഫീസർ |
| 1-20 | 255000 | ശ്രീ.സുരേഷ്.എം,<br>കൃഷി ഓഫീസർ |
| 1-22 | 4250 | ശ്രീ.സുരേഷ്.എം,<br>കൃഷി ഓഫീസർ |
| ആകെ തുക | 867901 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇ നം |
|---|---|---|
| 1-27 | 11777 | ജി എസ് ടി |
| ആകെ തുക | 11777 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ.പ്രേമൻ | സെക്രട്ടറി,<br>ധർമ്മടം ഗ്രാമപഞ്ചായത്ത് | പഴുത്തും കോട്ടത്തിൽ ഹൗസ്, മുയിപ്പോത്ത്, പി.ഒ,മേപ്പയൂർ(വഴി),<br>കോഴിക്കോട് |
| ഡോ.ശ്രീനിഷ്.എസ്. എസ് | വെറ്റിനറി സർജൻ,<br>ഗവ.വെറ്റിനറി ഡിസ്പെൻസറി,<br>ധർമ്മടം. | ശ്രേയസ്,കണ്ണാടിപ്പൊയിൽ, പി.ഒ,പാങ്ങാട്,<br>ബാലുശ്ശേരി,കോഴിക്കോട്. |
| ശ്രീ.സുരേഷ്.എം, | കൃഷി ഓഫീസർ,<br>കൃഷി ഭവൻ,<br>മേലൂർ | രാമാർച്ചന,<br>അന്നൂർ,<br>പയ്യന്നൂർ.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ എണ്ണം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 1 |
| 2001-02(പദ്ധതി) | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 1 |
| 2004-2005 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 2 |
| 2007-2008 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 3 |
| 2008-2009 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 6 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 3 |
| 2011-12 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 6 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 2 |
| 2014-15 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 6 |
| 2015-2016 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 7 |
| 2016-17 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 10 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ. /സി.7/1604/18 തീയ്യതി 23.11.2018 | 3 |
| 2018-2019 | നമ്പർ കെ.എസ്.എ./കെ.എൻ.ആർ. /സി.7/1453/2019 തീയതി 11.10.2019 | 23 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Dharmadam Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22018081.53 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2153780.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 513586.00 |
| 150000000 | Sale & Hire Charges | RP-5 | 74426.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34319383.00 |
| 171000000 | Interest Earned | RP-9 | 219555.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16046854.00 |
| 340000000 | Deposits Received | RP-34 | 51300.00 |
| 350000000 | Other Liabilities | RP-36 | 402108.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 57064.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7250.00 |
| 311000000 | Earmarked Funds | RP-29 | 1644.00 |
| 330000000 | Secured Loans | RP-32 | 8299.00 |
| 340000000 | Deposits Received | RP-34 | 121032.00 |
| 350000000 | Other Liabilities | RP-36 | 142390.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3215080.00 |
| 460000000 | Loans, Advances and Deposits | RP-47 | 180.00 |
| | Grand total | | 79352512.53 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3383333.00 |
| 220000000 | Administrative Expenses | RP-12 | 1124063.00 |
| 230000000 | Operations & Maintenance | RP-13 | 3271329.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2861296.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11752324.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 11502807.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 409088.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 607560.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 2804530.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | -11340.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 365968.00 |
| 340000000 | Deposits Received | RP-34 | 28500.00 |
| 350000000 | Other Liabilities | RP-36 | 5232880.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 210901.00 |
| 280000000 | Prior Period Item | RP-26 | -19610.00 |
| 340000000 | Deposits Received | RP-34 | 285975.00 |
| 350000000 | Other Liabilities | RP-36 | 1937561.00 |
| 410000000 | Fixed Assets | RP-38 | 1101818.00 |
| 412000000 | Capital work in Progress | RP-40 | 5976372.00 |
| 460000000 | Loans, Advances and Deposits | RP-47 | 922325.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25579832.53 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 79352512.53 |

## അനുബന്ധം 3-2
## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Dharmadam Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5891717.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 500.00 |
| 140000000 | Fee & User Charges | I-4(b) | 793186.00 |
| 150000000 | Sale & Hire Charges | I-5(b) | 74426.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 90855526.00 |
| 171000000 | Interest Earned | I-8 | 209839.00 |
| 180000000 | Other Income | I-9 | 7250.00 |
| | Total Income | | 97832444.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10474256.00 |
| 220000000 | Administrative Expenses | I-11(b) | 1261612.00 |
| 230000000 | Operations & Maintenance | I-12(b) | 3289822.00 |
| 240000000 | Interest & Finance Charges | I-13 | 210901.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2866296.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25259349.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 11502807.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 409088.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 28868060.00 |
| 255000000 | Maintenance Projects | I-14(e) | 2804530.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 5894519.00 |
| | Total Expenditure | | 92866240.00 |
| | Gross Surplus/ Deficit of income over Expenditure | | 4966204.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 514385.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4451819.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## ബാലൻസ് ഷീറ്റ്

| Dharmadam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 17246451.14 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8322.00 |
| 312000000 | Reserves | B-3 | 27934796.00 |
| | Total Reserve & Surplus | | 45189569.14 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18281036.00 |
| | Total Grants, Contributions for Specific Purposes | | 18281036.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 793190.00 |
| | Total Loans | | 793190.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 712407.50 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1644426.89 |
| | Total Current Liabilities and Provisions | | 2356834.39 |
| | TOTAL LIABILITIES | | 66620629.53 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 53752951.00 |
| 411000000 | Accumulated Depreciation | B-11 | -15705603.00 |
| 412000000 | Capital Work in Progress | B-11(a) | 2347877.00 |
| | Total Fixed Assets | | 40395225.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 48151.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25579832.53 |
| 460000000 | Loans, Advances and Deposits | B-18 | 597421.00 |

| | |
|---|---|
| Total Current Assets, Loans and Advances | 26225404.53 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 66620629.53 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.